**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1893** **12-09-2023 - ൽ മറുപടിയ്ക്ക്**

**ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലക്ക് ആസ്ഥാന മന്ദിരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം മുകേഷ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് ഭൂമി കണ്ടെത്തുന്നതിനായി സ്വീകരിച്ച് വരുന്ന നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദവിവരം ലഭ്യമാക്കുമോ; | (എ) | ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് ഭൂമി കണ്ടെത്തുന്നതിനായി പത്രമാധ്യമങ്ങളിലൂടെ താൽപര്യപത്രം ക്ഷണിച്ചതിനെ തുടർന്ന്, കൊല്ലം ജില്ലയിൽ മുണ്ടയ്ക്കൽ വില്ലേജിൽ 3 ഹെക്ടർ 29 ആർ 20 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലം യൂണിവേഴ്സിറ്റിക്ക് വിലയ്ക്ക് നൽകാമെന്ന് അറിയിച്ച് വസ്തു ഉടമ താൽപര്യപത്രം സമർപ്പിച്ചിരുന്നു.<br><br>ഇതിനോടനുബന്ധിച്ച്, പ്രസ്തുത ഭൂമിയുടെ മണ്ണ് പരിശോധനാ റിപ്പോർട്ട്, ഭൂമി തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്നതാണോ എന്ന സർട്ടിഫിക്കറ്റ്, കുടിവെള്ളത്തിന്റെ ലഭ്യതാ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കാൻ വസ്തു ഉടമയോട് യൂണിവേഴ്സിറ്റി നിർദ്ദേശിച്ചിരുന്നു.<br><br>ഇതനുസരിച്ച് മണ്ണ് പരിശോധനാ റിപ്പോർട്ടും, കുടിവെള്ളത്തിൻറെ ലഭ്യതാ സർട്ടിഫിക്കറ്റും വസ്തു ഉടമ ഹാജരാക്കി. എന്നാൽ, ഭൂമി, തീരദേശ പരിപാലന നിയമത്തിൻറെ പരിധിയിൽ വരുന്നതാണോ എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.<br><br>13.6.2023 ൽ വസ്തു ഉടമ മരണപ്പെട്ടതിനാൽ പ്രസ്തുത ഭൂമിയുടെ ഇനിയുള്ള അവകാശികൾ ആരെന്ന് തെളിയിക്കുന്ന Legal Heir Certificate/Succession Certificate ഹാജരാക്കണമെന്ന് 15.7.2023 ൽ സർവകലാശാലയിൽ നിന്നും വസ്തു ഉടമയുടെ ഭാര്യയോട് കത്ത് മുഖേന ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (ബി) | ഏതെങ്കിലും സർക്കാർ വകുപ്പുകളുടെ അധീനതയിലുള്ള ഭൂമി ഇതിനായി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ